ഇന്ത്യൻ നാഷണൽ ട്രേഡ് യൂണിയൻ കോൺഗ്രസ്സ്

**INDIAN NATIONAL TRADE UNION CONGRESS**

**I N T U C**

**KERALA BRANCH**

**Telephone : 0471 – 2501035**
**Email : keralaintuc@gmail.com**
**Website : www.intuckerala.org**

PRESIDENT:
**R.CHANDRASEKHARAN**
MOB :+91 9447157455

INTUC State Committee Office
K. Karunakaran Smaraka
INTUC Mandiram
T.C. 78/1461 (4), Paruthikuzhi
Manacaud P.O., Trivandrum – 695 009
Kerala - India

---

**2024 ജനുവരി 21 ന് കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റി അംഗവും കോൺഗ്രസ്സ് തിരഞ്ഞെടുപ്പ് മാനിഫെസ്റ്റോ കമ്മിറ്റി അംഗവുമായ ഡോ. ശശി തരൂർ എം.പി., തിരുവനന്തപുരം അയ്യങ്കാളി ഹാളിൽ (വി.ജെ.ടി ഹാൾ) വിളിച്ച് ചേർത്ത മാനിഫെസ്റ്റോ അഭിപ്രായ രൂപീകരണ കൂടിയാലോചനാ യോഗത്തിൽ ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രസിഡന്റ് ശ്രീ. ആർ. ചന്ദ്രശേഖരൻ സമർപ്പിക്കുന്ന നിർദ്ദേശങ്ങളും ആവശ്യങ്ങളും.**

**സർ,**

- സർക്കാർ ജീവനക്കാരുടെ ഏറ്റവും കുറഞ്ഞ വേതനം രാജ്യത്തെ മുഴുവൻ തൊഴിലാളികളുടെയും ദേശീയ മിനിമം വേതനമായി നിശ്ചയിച്ച് നടപ്പിലാക്കും.
- തൊഴിൽ നിയമ ലംഘനങ്ങൾ വികസിത രാജ്യങ്ങളിലെ പോലെ ക്രിമിനൽ കുറ്റമാക്കും.
- നിലവിലെ സർക്കാർ കൊണ്ടു വന്നിരിക്കുന്ന 4 തൊഴിലാളി വിരുദ്ധ ലേബർ കോഡുകൾ റദ്ദു ചെയ്യും.
- NHM, അംഗനവാടി, ആശ, പാലിയേറ്റീവ് കെയർ, സ്കൂൾ പാചക തൊഴിലാളി കൾ, സാക്ഷരത പ്രേരക് എന്നീ സ്കീം തൊഴിലാളികൾക്ക് സർക്കാർ ജീവന ക്കാരുടെ ഏറ്റവും കുറഞ്ഞ വേതനം നടപ്പാക്കും.
- 5 വർഷം സർവ്വീസ് പൂർത്തിയാക്കുന്ന ഈ സ്കീം തൊഴിലാളികളെ സർക്കാർ ജീവനക്കാരായി സ്ഥിരപ്പെടുത്തും.
- EPF, ESI ആനുകൂല്യങ്ങൾ എല്ലാ തൊഴിലാളികൾക്കും ലഭ്യമാകുംവിധം EPF ന്റെ 15000 രൂപാ ശമ്പളപരിധിയും ESI യുടെ 21000 ശമ്പളപരിധിയും പൂർണ്ണമായും നീക്കം ചെയ്യും.
- EPF, ESI മുഴുവൻ തൊഴിലാളികൾക്കും ബാധകമാക്കും.
- നിലവിലെ 21000 രൂപ എന്ന ബോണസ്സ് ശമ്പളപരിധി നീക്കം ചെയ്തും മിനിമം ബോണസ്സ് നിലനിർത്തിയും ഉൽപാദനം - ഉൽപാദന ക്ഷമത - ലാഭം എന്നിവ അടിസ്ഥാനമാക്കി ബോണസ്സ് ലഭ്യമാക്കും വിധം ബോണസ്സ് നിയമം ഭേദഗതി ചെയ്യും.
- പൂഴ്ത്തിവെയ്പും വിലക്കയറ്റവും നിയന്ത്രിക്കാൻ വില നിയന്ത്രണ നിയമം രൂപീകരിച്ച് കർശനമായി നടപ്പാക്കും.
- EPF പെൻഷൻ ഏറ്റവും കുറഞ്ഞത് 9000 രൂപയായി നിശ്ചയിച്ച് നടപ്പാക്കും.
- ഉൽപാദന - വിപണന സേവന മേഖലകളിലെ സ്ഥിരം ജോലികളിലെ കരാർ വൽക്കരണം പൂർണ്ണമായും നിരോധിക്കും.

- അടിയന്തിര ഘട്ടങ്ങളിൽ ആവശ്യമായി വരുന്ന കരാർ തൊഴിലാളികൾക്കും, കാഷ്വൽ തൊഴിലാളികൾക്കും സ്ഥിരം തൊഴിലാളികളുടെ വേതനവും ആനുകൂല്യങ്ങളും നൽകാൻ നിയമനിർമ്മാണം നടത്തും.
- തൊഴിലാളികൾക്ക് ട്രേഡ് യൂണിയനുകൾ രൂപീകരിക്കാനും, വ്യവസ്ഥാപിത രീതിയിൽ കൂട്ടായ വിലപേശൽ നടത്തി സേവന - വേതന സംരക്ഷണത്തിനുള്ള പ്രവർത്തനം അനുവദിക്കും.
- കമ്പനി നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് മിനിമം വേതനത്തേക്കാൾ ഉപരിയായി ഉൽപാദനം - ഉൽപാദനക്ഷമത - ലാഭം അടിസ്ഥാനമാക്കി സേവന - വേതന വ്യവസ്ഥ തീരുമാനിച്ച് നടപ്പാക്കാൻ ഫെയർ വേജ് നിയമം നിർമ്മിച്ച് നടപ്പിലാക്കും.
- മഹാത്മഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഒരു കുടുംബത്തിന് പ്രതിവർഷം 200 ദിവസത്തെ തൊഴിൽ ഉറപ്പാക്കും.
- മഹാത്മഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതനം കർഷക തൊഴിലാളികളുടെ മിനിമം വേതനമായി നിശ്ചയിച്ച് നടപ്പാക്കും.
- മഹാത്മഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികൾക്ക് ESI ചികിത്സാ സൗകര്യം ലഭ്യമാക്കും.
- തൊഴിൽ തർക്ക കേസ്സുകൾ 6 മാസത്തിനുള്ളിൽ തീർപ്പാക്കാൻ കഴിയുംവിധം ലേബർ കോടതികളെ ശക്തിപ്പെടുത്തി കർശനമാക്കും.
- കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള എല്ലാ സ്ഥാപനങ്ങളിലും മാനേജ്മെന്റിൽ തൊഴിലാളി പങ്കാളിത്തം നടപ്പാക്കുംവിധം ലാന്റ് - ലേബർ - കാപ്പിറ്റൽ എന്ന അടിസ്ഥാന തത്വത്തിൽ തൊഴിലാളികൾക്ക് ഡയറക്ടർ ബോർഡിൽ പങ്കാളിത്തം നൽകും.
- നിലവിലെ മാനേജ്മെന്റ് ഇംഗിത ട്രാൻസ്ഫറിന് പകരം അച്ചടക്ക നടപടിയുടെ ഭാഗമായി ട്രാൻസ്ഫറുകളെ മാറ്റും.
- നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ പ്രകാരം നടപടികൾക്ക് വിധേയമാകുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ പൂർണ്ണമായും സംരക്ഷിക്കുന്ന രീതിയിൽ നിയമം ഭേദഗതി ചെയ്യും.
- തൊഴിലാളികളുടെയും ജനങ്ങളുടെയും സാമൂഹ്യ സുരക്ഷ ആനുകൂല്യങ്ങൾക്കായി രാജ്യത്തിന്റെ ആഭ്യന്തര ഉൽപാദനത്തിന്റെ 10% ഓരോ വർഷവും നീക്കി വയ്ക്കും.

ഈ വിഷയങ്ങൾ കോൺഗ്രസ്സിന്റെ മാനിഫെസ്റ്റോയിൽ ഉൾപ്പെടുത്തി തൊഴിലാളിപക്ഷ നെഹ്റുവിയൻ ഫാബിയൻ സോഷ്യലിസ്റ്റ് മാനിഫെസ്റ്റോയായി രൂപപ്പെടുത്തി 1931 ലെ തൊഴിലാളിപക്ഷ കറാച്ചി പ്രമേയത്തിന് സമാനമായി തൊഴിലാളികളെയും സാധാരണ ജനങ്ങളെയും വിശ്വാസത്തിലെടുക്കാൻ കോൺഗ്രസ്സ് തയ്യാറാകണം. ഇതിലൂടെ മാത്രമേ ജാതി-മത-വർഗ്ഗീയ ശക്തികളെയും സമ്പന്നപക്ഷ രാഷ്ട്രീയത്തെയും പരാജയപ്പെടുത്താൻ കഴിയൂ.

വിശ്വസ്തതയോടെ,

ആർ. ചന്ദ്രശേഖരൻ
പ്രസിഡന്റ്

തിരുവനന്തപുരം
21.01.2024